**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 697** **05-10-2021 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിലെ വായ്പകുടിശ്ശിക നിവാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്കിൽ വായ്പകുടിശ്ശിക നിവാരണവുമായി ബന്ധപ്പെട്ട് നിലവിലെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | കേരള ബാങ്കിൽ വായ്പ കുടിശ്ശിക നിവാരണവുമായി ബന്ധപ്പെട്ട് നവകേരളീയം ഒറ്റതവണ തീർപ്പാക്കൽ പദ്ധതി പ്രകാരവും, സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തോട്ടുകൂടി ബാങ്കിൽ നടപ്പിലാക്കിയിട്ടുള്ള റിക്കവറി മാനേജ്മെന്റ് പോളിസി പ്രകാരവും നിബന്ധനകൾക്ക് വിധേയമായി പലിശ ഇളവോട്ടുകൂടി കുടിശ്ശിക വായ്പകൾ തീർപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. സർഫാസി ആക്ട്, എ.ആർ.സി നടപടികൾ പ്രകാരവും കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഗുരുതരരോഗങ്ങൾ മൂലം വായ്പ തിരിച്ചടവിൽ കുടിശ്ശിക വന്നവർക്ക് ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ ബാങ്ക് നൽകിവരുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | മാരക രോഗം ബാധിച്ചവർ, മരണപ്പെട്ടവർ തുടങ്ങിയവരുടെ വായ്പാ അക്കൗണ്ടുകൾ പലിശ ഇളവുകളോട് കൂടി തീർപ്പാക്കുന്നതിന് നവകേരളീയം ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം ടി കാറ്റഗറിയിൽ വരുന്ന വായ്പാ അക്കൗണ്ടുകൾ അവസാനിപ്പിക്കുന്നതിന് 5 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ പൂർണമായും പലിശ ഇളവും 5 മുതൽ 25 ലക്ഷം വരെയുള്ള വായ്പകളിൽ 50 ശതമാനം വരെ പലിശ ഇളവും 25 ലക്ഷം മുതൽ 50 ലക്ഷം വരെയുള്ള വായ്പകൾക്ക് 30 ശതമാനം വരെയും പലിശ ഇളവ് അനുവദിച്ച് വരുന്നുണ്ട്. പദ്ധതി പ്രകാരം കുടിശ്ശിക മുഴുവൻ തീർപ്പാക്കുന്ന എല്ലാ അക്കൗണ്ടുകളിലും പിഴ പലിശ ഒഴിവാക്കിയും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ